## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)

## 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2016 സെപ്റ്റംബർ 27-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)

**2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

992/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

## (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. ഇ. പി. ജയരാജൻ,
വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015-2016-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകൾ 20-9-2016-ന് ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

2016 സെപ്റ്റംബർ 20-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2016 സെപ്റ്റംബർ 20.

ഇ. പി. ജയരാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

# റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 മെയ് മാസം 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ വ്യവസായം, വിവരസാങ്കേതികവിദ്യ എന്നീ വകുപ്പുകളെ സംബന്ധിക്കുന്ന 41 ശിപാർശകളാണ് ഉണ്ടായിരുന്നത്. 7.7.16-ലെ 25-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും) -ൽ ഉൾപ്പെടുത്തിയിരുന്ന 'വിവര സാങ്കേതിക വിദ്യ' എന്ന വിഷയം സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ) -ലേയ്ക്ക് മാറ്റി നൽകിയതിനാൽ വിവരസാങ്കേതിക വിദ്യവകുപ്പുമായി ബന്ധപ്പെട്ട 36 മുതൽ 41 വരെയുള്ള ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV ലേയ്ക്ക് കൈമാറിയതിനാൽ ഈ റിപ്പോർട്ടിൽ നിന്നും അവ ഒഴിവാക്കിയിരിക്കുന്നു. അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമായ അനന്തരനടപടി സ്റ്റേറ്റ്മെന്റുകൾ 20.9.2016-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2015-2016-ലെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും ഭാഗം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം ഭാഗം II ആയും ചേർത്തിരിക്കുന്നു.

## ഭാഗം I

## 2015-16-ലെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

കൈത്തറി ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നൽകുന്ന റിബേറ്റിന്റെ കടിശ്ശിക നൽകുന്നതിനും 2015-16-ലെ റിബേറ്റിനുമായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ കൈത്തറി വില്പനയിലെ റിബേറ്റ് ഇനത്തിൽ 10.16 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

റിബേറ്റ് കടിശ്ശിക തീർക്കുന്നതിനായി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ അടുത്ത വർഷം കൂടുതൽ തുക ഈയിനത്തിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ വ്യവ-സി2/52/2016/വ്യവ. തീയതി 7.6.16)

### ശിപാർശ

കൈത്തറി സംവരണ നിയമം നടപ്പാക്കുന്നതിനായുള്ള എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സ്വീകരിച്ച നടപടി

കൈത്തറി സംവരണ നിയമം നടപ്പാക്കുന്നതിനുള്ള എൻഫോഴ്സ്മെന്റ് സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി 2015-16 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 18.96 ലക്ഷം രൂപ റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ വ്യവ-സി2/52/2016/വ്യവ. തീയതി 7.6.16)

## ശിപാർശ

കേന്ദ്രാവിഷ്കൃത പദ്ധതിയായ റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പാക്കേജിന്റെ തുടർച്ചയായ കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിന് ബാങ്ക് വായ്പ ലഭിക്കുന്നു. എന്നാൽ സംഘങ്ങൾക്ക് മാർജിനായി എടുക്കേണ്ട തുക ഇല്ലാത്തതിനാൽ സർക്കാർ സഹായം അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാർജിൻ മണി സഹായമായി 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

## സ്വീകരിച്ച നടപടി

കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള മാർജിൻ മണി സഹായത്തിനായി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിക്കുകയും 13.01.16-ലെ 46/16/വ്യവ. നമ്പർ ഉത്തരവ് പ്രകാരം തുക റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.
(സർക്കാർ കത്ത് നമ്പർ വ്യവ-സി2/52/2016/വ്യവ. തീയതി 7.6.16)

## ശിപാർശ

ഖാദി തൊഴിലാളികൾക്കുള്ള ഉല്പാദന പ്രോത്സാഹനത്തിനും ഉത്സവകാല ഇൻസെന്റീവ് നൽകുന്ന പദ്ധതിക്കുമായി 2851-00-105-99-73 (പ്ലാൻ) എന്ന ശീർഷകത്തിൽ 515 ലക്ഷം രൂപ ആവശ്യപ്പെട്ടപ്പോൾ 2851-00-105-99-96 (പ്ലാൻ) എന്ന ശീർഷകത്തിൽ നെയ്ത്തുമേഖല ശക്തിപ്പെടുത്തൽ, നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനം നൽകൽ, സിൽക്ക് ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന പദ്ധിക്കായി 400 ലക്ഷം രൂപയാണ് 2015-2016-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പന്ത്രണ്ടായിരത്തി അഞ്ഞൂറോളം തൊഴിലാളികൾക്ക് ഉല്പാദന പ്രോത്സാഹനവും ഉത്സവകാല ഇൻസെന്റീവും നൽകുന്നതിന് വകയിരുത്തിയ തുക പര്യാപ്തവുമല്ല. ആയതിനാൽ തുക ശരിയായ ശീർഷകത്തിലേക്ക് മാറ്റിനൽകണമെന്നും ബാക്കി 115 ലക്ഷം രൂപ കൂടി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

## സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2015-16-ലെ ബഡ്ജറ്റിൽ 115 ലക്ഷം രൂപ കൂടി വകയിരുത്തുന്നതിന് കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ 433135/കെ1/2016/വ്യവ. തീയതി 2.6.2016)

## ശിപാർശ

ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കായി 2015-2016 വർഷത്തിൽ 5732.44 ലക്ഷം രൂപയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും ഈ ഇനത്തിൽ 3037.21 ലക്ഷം രൂപ മാത്രമെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളു. ഭരണപരമായ ചെലവുകൾ പരമാവധി കുറച്ചാലും നിലവിലെ നിരക്കിൽ ബോർഡിന് പ്രതിമാസം ഏകദേശം 300 ലക്ഷം രൂപ ചെലവാകുമെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ നിരക്കനുസരിച്ച് ബഡ്ജറ്റിൽ അനുവദിച്ച തുക ഏകദേശം 10 മാസത്തെ ചെലവുകൾക്കേ പര്യാപ്തമാവുകയുള്ളു. കൂടാതെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, ജി.പി.എഫ്-ൽ നിക്ഷേപിക്കേണ്ടതുണ്ട്. ആയതിനാൽ 2015-16 വർഷത്തിൽ ജീവനക്കാർക്കുള്ള പ്രതിമാസ ശമ്പളം, പെൻഷൻ എന്നിവയും അനുബന്ധ ചെലവുകൾക്കുമായി 500 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. 1990-91 മുതൽ 2014-15 ജനവരി മാസം വരെ ഖാദി കമ്മീഷനിൽ തിരിച്ചടയ്ക്കാനുള്ള വായ്പ ഫണ്ടിൽ നിന്നും മറ്റ് ഫണ്ടുകളിൽ നിന്നും പദ്ധതിയേതര ഭരണപരമായ ചെലവുകൾക്കുവേണ്ടി ഏകദേശം 3920.74 ലക്ഷം അധികമായി ചെലവാക്കിയിട്ടുള്ളതായും 2007-08 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 2 കോടി രൂപ അനുവദിച്ചതിൽ പിന്നെ തുടർന്നുള്ള വർഷങ്ങളിൽ ഈ ഇനത്തിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1991 മുതലുള്ള കുടിശ്ശികയുടെ ഏകദേശം നാലിലൊന്ന് തുകയായ 980.20 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ ആവശ്യമുള്ള 500 ലക്ഷം രൂപയും ചേർത്ത് ആകെ 1480.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

**സ്വീകരിച്ച നടപടി**

വിഭവ ലഭ്യതയുടെ പരിമിതി മൂലം അധികതുക അനുവദിക്കുന്നതിന് കഴിഞ്ഞില്ല. എന്നാൽ ഓരോ സാമ്പത്തിക വർഷവും തുക വർദ്ധിപ്പിച്ച് നൽകുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 433135/കെ1/2016/വ്യവ. തീയതി 2.6.2016)

**ശിപാർശ**

2015-16 സാമ്പത്തിക വർഷത്തിൽ ഖാദിയുടെ നോർമൽ റിബേറ്റിനത്തിൽ 1000 ലക്ഷം രൂപ ആവശ്യപ്പെട്ടപ്പോൾ 713 ലക്ഷം രൂപ മാത്രമെ അനുവദിച്ചിട്ടുള്ളൂ. 2014-15 വർഷത്തിൽ 1800 ലക്ഷം രൂപയും 2013-14 വർഷത്തിൽ 135 ലക്ഷം രൂപയും റിബേറ്റ് കുടിശ്ശിക ഇനത്തിൽ നിലനിൽക്കുന്നത് ഖാദി മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ ഖാദി ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് ഇനത്തിൽ 2015-16 വർഷത്തിൽ അനുവദിക്കാതിരുന്ന 287 ലക്ഷം രൂപയും 2014-15 വർഷത്തെ കുടിശ്ശികയായ 1800 ലക്ഷം രൂപയും 2013-14 വർഷത്തെ കുടിശ്ശികയായ 135 ലക്ഷം രൂപയും ചേർത്ത് ആകെ 2222 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

(ഖണ്ഡിക 6)

**സ്വീകരിച്ച നടപടി**

2014-15 വരെയുള്ള കുടിശ്ശികയ്ക്കായി 1500 ലക്ഷം രൂപ 29/10/2015-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 1160/2015/ഐ.ഡി പ്രകാരം അനുവദിച്ചു നൽകിയിരുന്നു.

(സർക്കാർ കത്ത് നമ്പർ 433135/കെ1/2016/വ്യവ. തീയതി 2.6.2016)

**ശിപാർശ**

ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ, നോർമൽ റിബേറ്റിനു പുറമെ 108 ദിവസം ഉത്സവകാലങ്ങളായി കണക്കാക്കി 10% അധിക റിബേറ്റ് ഖാദി ചില്ലറ വില്പനയ്ക്ക് നൽകി വരുന്നുണ്ട്. ഇതിനായി 2010-11 മുതൽ എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് പുറമെ അധിക തുക

അനുവദിച്ചു വരുന്നുണ്ട്. 2015-16 -ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഖാദിയുടെ ഉത്സവകാല അധിക റിബേറ്റ് ഇനത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം തുക വകയിരുത്താൻ സാധിച്ചില്ല.
(സർക്കാർ കത്ത് നമ്പർ 433135/കെ1/2016/വ്യവ. തീയതി 2.6.2016)

## ശിപാർശ

കൊല്ലം ജില്ലാ ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നിലവിലെ വില്പന കേന്ദ്രം, സംഭരണശാല എന്നിവ ആധുനികവത്ക്കരിക്കുക, പ്രദർശന-വില്പന മേളകൾ നടത്തുക, ഇന്ത്യ-ഇന്റർനാഷണൽ ട്രെയ്ഡ് ഫെയറിൽ പങ്കെടുക്കുക എന്നീ പ്രവർത്തനങ്ങൾക്കായി ആവശ്യപ്പെട്ട 55 ലക്ഷം രൂപയുടെ സ്ഥാനത്ത് അനുവദിച്ച 32.60 ലക്ഷം രൂപ പര്യാപ്തമല്ല. ആയതിനാൽ ഖാദി വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത പ്രവർത്തനങ്ങൾക്കായി 22.40 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

## സ്വീകരിച്ച നടപടി

വിഭവപരിമിതി മൂലം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.
(സർക്കാർ കത്ത് നമ്പർ 433135/കെ1/2016/വ്യവ. തീയതി 2.6.2016)

## ശിപാർശ

ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കാലഹരണപ്പെട്ട യന്ത്രസാമഗ്രികൾ മാറ്റി നൂതന സാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള ആധുനികവൽക്കരണത്തിനും നവീകരണത്തിനും ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനുമായി പ്രസ്തുത ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സ്വീകരിച്ച നടപടി

2015-2016 -ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 4885-60-800-96 (P) ൽ 100 കോടി രൂപ നീക്കിവച്ചിരുന്നു. എന്നാൽ ഉല്പാദന മേഖലയിലുള്ള സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി സമിതി ശിപാർശ ചെയ്ത അധിക ധനസഹായമായ 50 കോടി രൂപ അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ വ്യവ-എച്ച് 1/106/2016/വ്യവ. തീയതി 4.7.2016)

## ശിപാർശ

2014-2015 സാമ്പത്തിക വർഷം 4885-60-800-96 എന്ന ശീർഷകത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി അനുവദിച്ച 5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കായി അനുവദിച്ച 2.50 കോടി രൂപയും ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സ്വീകരിച്ച നടപടി

2014-2015-ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 4885-60-800-96 (P) ൽ 100 കോടി രൂപയിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസ് സംവിധാനം നടപ്പിലാക്കുന്നതിന് 5 കോടി രൂപയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പരിശീലന പരിപാടികൾക്കായി 2.50 കോടി രൂപയും പ്രത്യേകം നീക്കിവച്ചിരുന്നു. എന്നാൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം സംബന്ധിച്ച പ്രൊപ്പോസലുകളിന്മേൽ അന്തിമ തീരുമാനമാകാത്തതിനാൽ തുക അനുവദിച്ചിരുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പരിശീലന പരിപാടികൾക്കായി 2.50 കോടി രൂപ നൽകുന്നതിനുള്ള അനുമതി 2014-2015-ൽ നൽകിയിരുന്നെങ്കിലും നടപടി ക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ തുക നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ വ്യവ-എച്ച് 1/106/2016/വ്യവ. തീയതി 4.7.2016)

## ഭാഗം II

## 2015-16-ലെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ

| ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം |
|---|---|
| 9-15 | കയർ വകുപ്പ് |
| 16-21 | കേരള കശുവണ്ടി വികസന കോർപ്പറേഷൻ |
| 22 | കാപ്പക്സ് |
| 23-32,35 | വ്യവസായ വകുപ്പ് |

ഇ. പി. ജയരാജൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2016 സെപ്റ്റംബർ 20.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.